# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, പടന്നക്കാട്.പി.ഒ, കാസറഗോഡ് ജില്ല

പിൻ: 671314, കേരള

---

നമ്പർ: ജി2/1342/2022 | തീയതി: 02.03.2022

***ദർഘാസ് പരസ്യം***

പടന്നക്കാട് കാർഷിക കോളേജിന്റെ ഭാഗമായ പടന്നക്കാട്, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റുകളിലേക്ക് ആവശ്യമായ കുമ്മായം (ഉദ്ദേശം 3000 കി.ഗ്രാം) കരാർ പ്രകാരം എത്തിച്ചു തരാൻ താത്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

താത്പര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ 3000 കി.ഗ്രാം കുമ്മായം ഫാമിലെത്തിച്ച് സൗകര്യപ്രദമായ സ്ഥലത്ത് ഇറക്കിത്തരുന്നതിനുള്ള നിരക്ക് വെള്ളക്കടലാസിൽ എഴുതി കവറിൽ അടക്കം ചെയ്ത് ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് - 671-314 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

ദർഘാസുകൾ അയക്കുന്ന കവറിന് പുറത്ത് കാർഷിക കോളേജ് ഫാമുകളിലേക്ക് കുമ്മായം നൽകുന്നതിനുള്ള ദർഘാസ് എന്നെഴുതണം. ദർഘാസിനോടൊപ്പം 2000/- രൂപ നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. ഉറപ്പിക്കുന്ന ക്വട്ടേഷന്റെ മൊത്തം തുകയുടെ 5 ശതമാനം സെക്യൂരിറ്റി ഡിപ്പോസിറ്റും നൽകേണ്ടതാണ്.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 17.03.2022(വ്യാഴാഴ്ച) ഉച്ചക്ക് ശേഷം 2.30 മണി വരെയാണ്. അന്നു തന്നെ 3 മണിക്ക് ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ നിരക്ക് എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതുമായിരിക്കും. വൈകി കിട്ടുന്നതും പൂർണ്ണമല്ലാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. വിജയിയായ കരാറുകാരൻ അറിയിപ്പ് കിട്ടി 5 ദിവസത്തിനകം കുമ്മായം എത്തിക്കേണ്ടതാണ്.

ദർഘാസുകൾ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡീനിനായിരിക്കും. സാമ്പത്തിക ഇടപാടുകൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മുഖാന്തിരം മാത്രമായിരിക്കും. സർക്കാർ നിരക്ക് പ്രകാരമുള്ള വരുമാന നികുതി ഈടാക്കുന്നതാണ്.

ദർഘാസ് സംബന്ധിച്ച സർക്കാർ/ സർവ്വകലാശാല നിബന്ധനകളെല്ലാം ഇതിനും ബാധകമായിരിക്കും. വിശദവിവരങ്ങൾക്ക് പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കേണ്ടതാണ്. ഫോൺ നമ്പർ 0467 2280616.

ഒപ്പ്
ഡോ.മിനി പി. കെ.
ഡീൻ

സ്വീകർത്താവ്:- നോട്ടീസ് ബോർഡ് ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് I/ II / കോളേജ്
മുനിസിപ്പാലിറ്റി കാഞ്ഞങ്ങാട്, നീലേശ്വരം,
വില്ലേജ് ഓഫീസ്, നീലേശ്വരം, കാഞ്ഞങ്ങാട്, കോളേജ് വെബ്സൈറ്റ്

പകർപ്പ്:
1. ശ്രീമതി ആൻസി ഫ്രാൻസിസ്, അസി. പ്രൊഫസർ, ഫാം ഇൻ ചാർജ് ഇൻസ്ട്രക്ഷണൽ ഫാം I
2. ശ്രീ അനൂജ് എസ് എസ്, അസി. പ്രൊഫസർ, ഫാം ഇൻ ചാർജ് ഇൻസ്ട്രക്ഷണൽ ഫാം II
3. ശ്രീ സുരേഷ് ബാബു കാരായി, ഫാം സൂപ്രണ്ട്. ഇൻസ്രക്ഷണൽ ഫാം I
4. ശ്രീ രതീഷ് പി. ഫാം മാനേജർ, ഇൻസ്രക്ഷണൽ ഫാം യൂണിറ്റ് II

//അംഗീകാരത്തോടുകൂടി അയക്കുന്നത്//

സെക്ഷൻ ഓഫീസർ